LIBRARY ARCHIVES Kerala Legislative Assembly

2019-20 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 32 കോടി രൂപയുള്ള 19 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 17.40 കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഷെയർഡെബിറ്റ് ഉൾപ്പെടെ 29.02 കോടി രൂപയും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്കീമിൽ 42 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിൽ 15 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 7 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ബാക്കി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. 2021-22 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 30 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 24.7 കോടി രൂപ) നബാർഡിൽ 29 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 23.89 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. അതിൽ പ്ലാൻ സ്കീമിൽ 38 പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 6 പ്രവൃത്തികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലായി 593 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 511 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഉപ്പുവെള്ള പ്രതിരോധ ബണ്ട്

190(496) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപ്പുവെള്ളം കാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി, മാട്ടൂൽ, കണ്ണപുരം, ചെറുകുന്ന്, ഏഴോം, കുഞ്ഞിമംഗലം, പട്ടുവം, കല്ല്യാശ്ശേരി, ചെറുതാഴം ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇറിഗേഷൻ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഏഴോം, പട്ടുവം, മാടായി, കുഞ്ഞിമംഗലം, കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും ബാധിക്കുന്നതിനെക്കുറിച്ച് പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പ്രതിപാദിച്ച 8 ഗ്രാമ പഞ്ചായത്തുകളിൽ 33 പുതിയ പ്രവൃത്തികൾ, 20 റിപ്പയർ പ്രവൃത്തികൾ, തോട് സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്ക് 1367 ലക്ഷം രൂപയാണ് പ്രാഥമിക പഠനത്തിൽ ആവശ്യമായി വരുന്നത്. മേൽ പ്രവൃത്തികളിൽ ഉൾപ്പെട്ട ചെറുകുന്ന് പഞ്ചായത്തിലെ കാക്കത്തോട്

LIBRARY ARCHIVES Kerala Legislative Assembly

SWECB-യുടെ പുനർനിർമ്മാണം, മാട്ടൂൽ പഞ്ചായത്തിലെ പത്താൻതോട് SWECB-യുടെ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾ 2021-2022 പ്ലാൻ സ്കീമിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പട്ടുവം പഞ്ചായത്തിൽ പരന്തൽ, പോത്തട മുട്ടുകണ്ടി, വെള്ളിക്കീൽ പാഞ്ചലായി എന്നിവിടങ്ങളിലായി ആകെ 3.4 കി.മീ. നീളത്തിലും മാടായി പഞ്ചായത്തിലെ വേങ്ങര മൂലക്കീൽ മുതൽ ചെമ്പല്ലിക്കുണ്ട് ഓവർ ബ്രിഡ്ജ് വരെയുള്ളഭാഗത്ത് 166 കി.മീ. നീളത്തിലും ചെറുകിട ജലസേചന വകുപ്പ് ഉപ്പുവെള്ള പ്രതിരോധത്തിനായി മാർജിനൽ ബണ്ട് നിർമ്മിച്ചിട്ടുണ്ട്. ഈ ബണ്ടുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും സ്ലൂയിസുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്തുവരുന്നുമുണ്ട്. ഉപ്പുവെള്ളം കയറുന്നതുകാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരം പഞ്ചായത്തിൽ പുനംകൈത്തോട്, പുത്തരിത്തോൽ തോട്, മാട്ടൂൽ പഞ്ചായത്തിലെ കാവിലെപറമ്പിൽ തോട്, ചെറുകുന്ന് പഞ്ചായത്തിലെ കയ്യലവളപ്പിൽ എന്നിവയ്ക്ക് ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപ്പുവെള്ള പ്രതിരോധബണ്ടുകളായ കല്ല്യാശ്ശേരി പഞ്ചായത്തിലെ അടൽതോട് SWECB, ഒടിപ്രം SWECB, പുതുവാക്കൽ SWECB, ചെറുകുന്ന് പഞ്ചായത്തിലെ മൂലക്കീൽ ബണ്ട്, കൊച്ചീക്കാരൻ മൂല SWECB എന്നിവ SDRF പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് മുണ്ടാപ്രത്ത് പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് വേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി-യിൽ നിന്ന് ഡിസൈൻ ലഭ്യമാക്കുന്ന മുറയ്ക്ക് ഡി.പി.ആർ സമർപ്പിക്കുന്നതാണെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാപ്പുക്കൽ ബണ്ട് മുട്ടിൽക്കാപ്പ് ആർ.സി.ബി. എന്നിവ യാഥാർത്ഥ്യമായാൽ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. കൂടാതെ വൻകിട ജലസേചന വിഭാഗം വഴി കല്ല്യാശ്ശേരി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 23 പ്രവൃത്തികൾക്കായി 7885 ലക്ഷം രൂപ അടങ്കൽ വരുന്ന ഉപ്പുവെള്ള പ്രതിരോധ പ്രവൃത്തികളുടെ വിശദമായ പദ്ധതി രേഖയും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.